നം. സി.ഇ.ഇ/4848/2013/KEAM-2014/റ്റി.എ.1/എൽ.ഡി

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2014-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം സീറ്റ് പാഴാക്കിയവരിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നത് സംബന്ധിച്ച്

ബഹു: സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരമാണ് രാജ്യത്ത് എഞ്ചിനീയറിംഗ്/ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് ഓരോ ഘട്ടത്തിലുമുള്ള അലോട്ട്മെന്റും, പ്രവേശനവും നടത്തപ്പെടുന്നത്. അതിൻ പ്രകാരം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് 2014 സെപ്റ്റംബർ 10-ാം തീയതി പ്രസിദ്ധീകരിക്കുകയും, 2014 സെപ്റ്റംബർ 13-ാം തീയതി വരെ പ്രവേശനം നടത്തുകയുമുണ്ടായി. അതിനുശേഷം സർക്കാർ/സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ അലോട്ട്മെന്റ് പ്രഖ്യാപിക്കുകയുണ്ടായി. ആയതിലേയ്ക്ക് 2014 സെപ്റ്റംബർ 16-ാം തീയതി മുതൽ 18-ാം തീയതി വരെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഉത്തരവുകൾ പ്രകാരം സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജിലേയ്ക്കുള്ള പ്രവേശനം 2014 സെപ്റ്റംബർ 20-നകം തീർക്കേണ്ടതുണ്ട്. പ്രസ്തുത അലോട്ട്മെന്റ് സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ എം.ബി.ബി.എസ്/ ബി.ഡി.എസ് സീറ്റിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ മാത്രമെ ഓപ്ഷൻ കൺഫർമേഷൻ നടത്താവു എന്നും, ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ അലോട്ട്മെന്റിന് പരിഗണിക്കില്ലായെന്നും അറിയിച്ചിരുന്നു. കൂടാതെ ലഭിക്കുന്ന അലൊട്ട്മെന്റ് സ്വീകരിച്ചില്ലെങ്കിൽ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം 10 ലക്ഷം രൂപ പിഴ ഒടുക്കേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. അതിൻ പ്രകാരം നിശ്ചിത സമയത്തിനകം ഓപ്ഷൻ കൺഫർമേഷൻ നടത്തിയവരെ പരിഗണിച്ചു കൊണ്ട് 18.09.2014 ന് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും 20.09.2014-നകം കോളേജുകളിൽ പ്രവേശനം നേടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്തതിനാൽ 70 ബി.ഡി.എസ് സീറ്റുകൾ ഈ ഘട്ടത്തിൽ സർക്കാറിന് നഷ്ടമായി.

ബഹു:സുപ്രീം കോടതിയുടെ 18.09.2014-ലെ വിധിയിൽ ശ്രീ ഗോകുലം മെഡിക്കൽ കോളേജ്, തിരുവനന്തപുരം, മലബാർ മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളോട് തങ്ങളുടെ എം.ബി.ബി.എസ് സീറ്റുകളിലേയ്ക്ക് സർക്കാർ കോളേജുകളിലെ ഫീസ് നിരക്കിൽ പ്രവേശനം നടത്താൻ തയ്യാറാണെന്നും, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ പ്രകാരമുള്ള യോഗ്യതകളുണ്ടെന്നും സത്യവാങ്മൂലം നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഇല്ലെങ്കിൽ 10 കോടി രൂപ കരുതൽ ധനം കോളേജുകൾക്ക് നഷ്ടമാകുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇപ്രകാരം സത്യവാങ്മൂലം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്താൻ 26.09.2014-ന് സർക്കാർ ഉത്തരവായിരുന്നു. ഈ എം.ബി.ബി.എസ് സീറ്റുകളിലേയ്ക്കും, പുതുതായി ഉൾപ്പെടുത്തിയ കണ്ണൂർ ഡന്റൽ കോളേജ്, കണ്ണൂർ എന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജിലെ ബി.ഡി.എസ് സീറ്റുകളിലേയ്ക്കും, സർക്കാർ ഡന്റൽ കോളേജുകളിൽ ഒഴിവുവന്ന എതാനും ബി.ഡി.എസ് സീറ്റുകളിലേയ്ക്കും കൂടി ഒരു ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതിനായി സെപ്റ്റംബർ 25, 26 തീയതികളിൽ മുൻകൂറായി ഓപ്ഷനുകൾ ക്ഷണിക്കുകയും, ഓപ്ഷൻ കൺഫർമേഷൻ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത വിജ്ഞാപനത്തിലും അലോട്ട്മെന്റ് ആവശ്യമുള്ളവർ മാത്രമേ ഓപ്ഷൻ കൺഫർമേഷൻ നടത്താവൂ എന്നും, ലഭിക്കുന്ന അലൊട്ട്മെന്റ് സ്വീകരിച്ചില്ലെങ്കിൽ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഒടുക്കേണ്ടിവരു മെന്നും മുന്നറിയിപ്പ് നൽകിയിരുന്നു. നിശ്ചിത സമയത്തിനകം ഓപ്ഷൻ കൺഫർമേഷൻ നടത്തിയവരെ പരിഗണിച്ചുകൊണ്ട് 28.09.2014-ന് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും, സെപ്റ്റംബർ 29, 30 തീയതികളിൽ പ്രവേശനം നേടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ 36 വിദ്യാർത്ഥികൾ രാജ്യത്തെ

എം.ബി.ബി.എസ്/ ബി.ഡി.എസ് പ്രവേശനം അവസാനിപ്പിക്കേണ്ട തീയതിയായ സെപ്റ്റംബർ 30–നകം പ്രവേശനം നേടാതിരുന്നതിനാൽ 5 എം.ബി.ബി.എസ് സീറ്റുകളും 31 ബി.ഡി.എസ് സീറ്റുകളും ഈ ഘട്ടത്തിൽ സർക്കാറിന് നഷ്ടമായി. കൂടാതെ അവസാനത്തെ അലോട്ട്മെന്റിനു ശേഷം വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നേടിയതിലൂടെ ഒരു എം.ബി.ബി.എസ് സീറ്റും 12 ബി.ഡി.എസ് സീറ്റുകളും സർക്കാറിന് നഷ്ടമായിട്ടുണ്ട്. ഇത്തരത്തിൽ ആകെ 6 എം.ബി.ബി.എസ് സീറ്റുകളും 113 ബി.ഡി.എസ് സീറ്റുകളുമാണ് സർക്കാറിന് നഷ്ടമായത്. എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകൾ നഷ്ടപ്പെടുത്തിയവരിൽ ഒരു വിഭാഗം മറ്റേതെങ്കിലും സംസ്ഥാനത്തോ, മാനേജ്മെന്റ് സീറ്റുകളിലോ പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടിയവരാണ്. ബി.ഡി.എസ് കോഴ്സുകൾ നഷ്ടപ്പെടുത്തിയവരിൽ ഭൂരിഭാഗവും എം.ബി.ബി.എസ് പ്രവേശനം മാത്രം ആഗ്രഹിക്കുന്നവരും, രണ്ടാമത്തെയോ, മൂന്നാമത്തെയോ പ്രാവശ്യം പ്രവേശന പരീക്ഷ എഴുതിയവരും, ഇനിയും പ്രവേശന പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുക്കാൻ പോകുന്നവരുമാണ്. റാങ്ക് ലിസ്റ്റിൽ 10,000–ൽ പരം യോഗ്യത നേടിയ വിദ്യാർത്ഥികൾ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം ആഗ്രഹിച്ച് കാത്തുനിൽക്കുമ്പോഴാണ് മേല്പറഞ്ഞവർ കിട്ടിയ സീറ്റുകൾ ഉപേക്ഷിച്ചുകൊണ്ട് സർക്കാർ സീറ്റുകളിൽ പഠിക്കാനുള്ള സാധാരണക്കാരായ വിദ്യാർത്ഥികളുടെ അവകാശം നഷ്ടപ്പെടുത്തിയിട്ടുള്ളത്. ഈ ഓഫീസിൽ നിന്നുള്ള വിജ്ഞാപനങ്ങളിൽ പ്രവേശനം ആവശ്യമുള്ളവർ മാത്രമേ ഓപ്ഷൻ കൺഫർമേഷൻ നടത്താവൂ എന്നും, അലോട്ട്മെന്റ് സ്വീകരിച്ചില്ലെങ്കിൽ 10 ലക്ഷം രൂപ പിഴ നൽകേണ്ടിവരുമെന്നുമുള്ള ആവർത്തിച്ചുള്ള മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ടാണ് സാമ്പത്തിക ശേഷിയുള്ളവരും, സ്വാധീന ശക്തിയുള്ളവരുമായ മേല്പറഞ്ഞ വിഭാഗക്കാർ സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിച്ചത്. ആവശ്യക്കാരന്റെ മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള അവകാശം നഷ്ടപ്പെടുത്തിയതിൽ ഇക്കൂട്ടർക്ക് യാതൊരു കുറ്റബോധവും ഉള്ളതായി കാണുന്നില്ല. ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിനും സീറ്റുകൾ പാഴാകാതിരിക്കുന്നതിനുമുള്ള മുൻകരുതലായാണ് പ്രോസ്പെക്ടസിൽ ഇതു സംബന്ധിച്ച കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സീറ്റുകൾ നഷ്ടപ്പെടുത്തിയ വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഉന്നത ശ്രേണിയിലുള്ളവരും, ഡോക്ടർമാർ, ഉന്നത ഉദ്യോഗസ്ഥർ, പ്രൊഫഷണലുകൾ എന്നീ വിഭാഗക്കാരും ഉൾപ്പെടുന്നുണ്ട് എന്ന് ഇവരെല്ലാം സമർപ്പിച്ച സത്യപ്രസ്താവനകളിൽ വ്യക്തമാകുന്നുണ്ട്. ഇതിൽ നിന്നും ഇവരെല്ലാം അലോട്ട്മെന്റ് പ്രക്രിയയെക്കുറിച്ചും മറ്റും ഉത്തമ ബോധ്യമുള്ളവരാണെന്ന് അനുമാനിക്കാവുന്നതാണ്. കൂടാതെ അലോട്ട്മെന്റ് സംബന്ധമായ അറിയിപ്പുകൾ മൊബൈൽ എസ്.എം.എസ് വഴിയും, പത്ര–ദൃശ്യ മാധ്യമങ്ങൾ വഴിയും ലഭ്യമാക്കിയിട്ടുള്ളതിനാൽ അലോട്ട്മെന്റിനെക്കുറിച്ച് അിറഞ്ഞില്ല എന്ന ഇവരുടെ വാദം പൊളിയുന്നു. സീറ്റുകൾ നഷ്ടപ്പെടുത്തിയാലും തങ്ങൾക്കെതിരെ നടപടിയെടുക്കാൻ സാധിക്കില്ല എന്ന ഇവരുടെ ധാർഷ്ട്യമാണ് പ്രസ്തുത സ്ഥിതിവിശേഷം സംജാതമാക്കിയിട്ടുള്ളത്.

സങ്കുചിത താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി സംവരണ വിഭാഗത്തിൽ ഉൾപ്പെടെ 119 വിദ്യാർത്ഥികളുടെ മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള അവകാശം നഷ്ടപ്പെടുത്തുന്നത് അനീതിയും, ക്രൂരതയുമാണ്. സാധാരണക്കാരുടെയും, സ്വാധീന ശക്തിയും സാമ്പത്തിക ശേഷിയും കുറഞ്ഞവരുടെയും മക്കൾക്ക് സീറ്റു നഷ്ടപ്പെടുത്തി പഠിക്കാനുള്ള അവസരം നിഷേധിച്ചതിനാൽ സമൂഹത്തിന് നഷ്ടപരിഹാരം നൽകാൻ ഇവർക്ക് ബാധ്യതയുണ്ട്. ഈ പ്രശ്നം പൊതു സമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. കഴിഞ്ഞ 30 വർഷമായി പ്രവേശന പരീക്ഷയും, അലോട്ട്മെന്റും നടത്തി ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച വകുപ്പാണിത്. മെറിറ്റിന് പ്രാധാന്യം നൽകികൊണ്ട് യാതൊരു ആക്ഷേപങ്ങൾക്കും ഇടവരാതെ ബഹു: സുപ്രീം കോടതി, ബഹു: ഹൈക്കോടതി, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എന്നിവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമാണ് ഈ ഓഫീസ് പ്രവർത്തിച്ചുവരുന്നത്. നിയമാനുസൃതമുള്ള നടപടി സ്വീകരിക്കേണ്ടത് നിയമപ്രകാരം പ്രവർത്തിക്കുന്ന വകുപ്പിന്റെയും സർക്കാരിന്റെയും ചുമതലയാണ്. ഇത് നിർവ്വഹിച്ചില്ലെങ്കിൽ അതാണ് നീതി നിഷേധം.

തിരുവനന്തപുരം
27.11.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**